# അധികാര വികേന്ദ്രീകരണം



ഇന്ത്യ ഒരു ഫെഡറൽ റിപ്പബ്ലിക്കായിട്ടാണ് ഭരണഘടന വിഭാവനം ചെയ്തിരിക്കുന്നത്. പാർലമെന്റിന്റെ ഘടന രണ്ടു തട്ടിൽ ക്രമീകരിച്ചതും രാഷ്ട്രഭരണത്തിൽ സംസ്ഥാനങ്ങളുടെ പങ്ക് ഊട്ടി ഉറപ്പിക്കാനാണ്. രാജ്യസഭയ്ക്ക് ആംഗലഭാഷയിൽ മറ്റും House of states എന്നാണല്ലോ. തുടക്കത്തിൽ സംസ്ഥാനങ്ങളുടെ എണ്ണമോ വിസ്തൃതിയോ കണക്കിലെടുക്കാതെ ബ്രിട്ടീഷുകാർ അവരുടെ ഭരണസൗകര്യാർത്ഥം മെനഞ്ഞെടുത്തിരുന്ന പ്രവിശ്യകളും നാട്ടുരാജ്യങ്ങളുമായി ആയിരത്തോളം രാഷ്ട്രഘടകങ്ങൾ ഉണ്ടായിരുന്നതിനാൽ രാജ്യസഭയിലേക്കുള്ള അംഗത്വനിർണ്ണയത്തിന് ഭരണഘടനശില്പികൾക്ക് ജനസംഖ്യമാത്രം മാനദണ്ഡമാക്കേണ്ടി വന്നു. പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ നിർബന്ധത്താൽ ഭാഷാടിസ്ഥാനത്തിൽ പതിനാലുസംസ്ഥാനങ്ങൾ പുനഃക്രമീകരിക്കപ്പെട്ടപ്പോൾ ഫെഡറൽ സംവിധാനത്തിന് ആക്കംവച്ചു. ജനാധിപത്യ മൂല്യങ്ങളെ അത്യധികം മാനിച്ചിരുന്ന നെഹ്റു സംസ്ഥാന മുഖ്യമന്ത്രിമാരെ ഭരണനയരൂപീകരണപ്രക്രിയകളിൽ ഗൗരവമായി പങ്കെടുപ്പിച്ചു. മാസംമാസമുള്ള കത്തുകൾക്കുപുറമെ മാത്രമേ വിദേശയാത്രകഴിഞ്ഞുവരുമ്പോഴും പ്രധാനമന്ത്രി അനുഭവങ്ങൾ വിവരിച്ചുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രിമാർക്ക് കത്തെഴുതിയിരുന്നു. കേന്ദ്രക്യാബിനറ്റുകഴിഞ്ഞാൽ രാഷ്ട്രത്തിലെ ഏറ്റവുംവലിയ ശക്തിദുർഗം സംസ്ഥാന മുഖ്യമന്ത്രിമാർമാത്രം ഉൾക്കൊള്ളുന്ന സമിതിയായിരുന്നു. അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മീഷൻ ചെയർമാനായിരുന്ന മൊറാർജിദേശായി പ്രധാനമന്ത്രി ആയപ്പോഴും ഫെഡറൽ സംവിധാനത്തെ കാപ്പാത്തുവാൻ ശ്രമിച്ചു. ഇന്ദിരാഗാന്ധിയുടെ കാലം മുതൽക്കാണ് ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിന് കാതലായ ക്ഷതമേറ്റത്. അടിയന്തരാവസ്ഥക്കാലം ഈ ദുർദശയുടെ മൂർദ്ധന്യമായിരുന്നു. ഭരണഘടന സംസ്ഥാനലിസ്റ്റിൽ മാത്രം ഉൾക്കൊള്ളിച്ചിരുന്ന വിദ്യാഭ്യാസം അടക്കം പല വകുപ്പുകളും കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റപ്പെട്ടു. സംസ്ഥാന മുഖ്യമന്ത്രിമാരൊക്കെ നോക്കുകുത്തികളായി.

> ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ഫെഡറൽ സ്വഭാവം ഹനിക്കപ്പെട്ടാൽ ജനാധിപത്യ സംവിധാനം തന്നെ തകരാറിലാകും. ഇക്കാര്യം നെഹ്റുവിന് ഉപദേശിക്കുകയും അധികാരവികേന്ദ്രീകരണത്തിന് ധനതത്വശാസ്ത്രമുഖം നൽകി ശക്തിയായി പോരാടുകയും ചെയ്ത ഡോക്ടർ കെ.എൻ. രാജും ഇപ്പോൾ ഓർമ്മയായി.

## വേറിട്ട കാഴ്ചകൾ

**മധുനായർ ന്യൂയോർക്ക്**

മൃഗീയ ഭൂരിപക്ഷത്തോടെ രാജീവ്ഗാന്ധി പ്രധാനമന്ത്രിയായപ്പോൾ രാഷ്ട്രവികസനപാതയുടെ ഗതി തിരിച്ചുവിടാനുള്ള ശ്രമങ്ങളുടെ കൂട്ടത്തിൽ അധികാരവികേന്ദ്രീകരണം മുഖ്യഅജണ്ടയായി. പഞ്ചായത്തുകൾ മൂന്നുതട്ടുകളിലായി ക്രമീകരിക്കപ്പെട്ടു. കാലാകാലങ്ങളിലെ തെരഞ്ഞെടുപ്പുകൾ കർശനമാക്കി. പഞ്ചായത്തുകളിലെ വനിതാപ്രാതിനിധ്യം മെച്ചപ്പെട്ടതാക്കാൻ നിയമം കൊണ്ടുവന്നു. തദ്ദേശസ്വയംഭരണരംഗത്ത് ഒരുവൻ വിപ്ലവംതന്നെ സാധ്യമാക്കേണ്ടിയിരുന്ന ഈ പ്രക്രിയകൾ പ്രായോഗികതലത്തിൽ ചീറ്റിപ്പോയതിന്റെ കാരണങ്ങൾ എന്തൊക്കെ ആയിരിക്കാം?

അധികാരം പഞ്ചായത്തുകളിലേക്ക് ഊർന്നിറങ്ങാത്തതിന്റെ മൂലകാരണത്തിന് ഒരു "ക്ലൂ" കെ.ടി.ഡി.സി ചെയർമാൻ ചെറിയാൻ ഫിലിപ്പ് ഈയിടെ മാധ്യമങ്ങൾക്കു നൽകി. ജില്ലകൾ ഭരിക്കുവാൻ കളക്ടറെ ചുമതലപ്പെടുത്തുന്ന സംവിധാനമാണ് മാറേണ്ടത്. ഐ.എ.എസ്സ് എന്ന ഇടപാടുതന്നെ നിറുത്തലാക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഐ.എ.എസ്സിന്റെ അപ്പൻ ഐ.സി.എസ് ബ്രിട്ടീഷുകാർ മെനഞ്ഞെടുത്തപ്പോൾ ബ്രിട്ടനിൽ അങ്ങനെയൊരു സംവിധാനം ഇല്ലായിരുന്നു. പിൽക്കാലങ്ങളിൽ ഐ.സി.എസ് മോഡലിൽ ബ്രിട്ടീഷ് സിവിൽ സർവീസ് നിലവിൽവന്നെങ്കിലും ജില്ലകളിൽ കളക്ടർമാരെ അയച്ച് ഭരിക്കുവാനൊന്നും അവർ മുതിർന്നില്ല. സിവിൽസർവീസിന് ലോകത്തിൽ ഏറ്റവും മാന്യതയുള്ളത് ഫ്രാൻസിലാണ്. പൊതുമേഖല അടക്കിവാഴുന്ന ആ നാട്ടിൽ സിവിൽസർവ്വീസ് ഉദ്യോഗസ്ഥന്മാർ മാനേജ്മെന്റിന്റെ ആണിക്കല്ലുകളാണ്. ഇന്ത്യയിലും ഐ.എ.എസുകാരെ കുതിരസവാരി പഠിപ്പിക്കാതെ മാനേജ്മെന്റ് വൈദഗ്ദ്ധ്യം നേടുവാനുള്ള ട്രെയിനിംഗ് നൽകി വിവിധ പൊതുമേഖലാ സംവിധാനങ്ങളിൽ പ്രതിഷ്ഠിക്കട്ടെ. സംസ്ഥാനഭരണത്തിൽ ഇടങ്കോലിടുവാൻമാത്രം അഖിലേന്ത്യാ സിവിൽ സർവ്വീസ് നിലവിലിരിക്കുന്നത് ഇംഗ്ലീഷിൽ പറഞ്ഞാൽ അനാക്രോണിസമാണ്. വികേന്ദ്രീകരണം കൽപ്പിച്ച അധികാരങ്ങളാസുകളുമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് അധികാരികൾ കലക്ടറുടെമുമ്പേ ഓച്ഛാനിച്ചുനിൽക്കേണ്ടതിന് അറുതിവരുത്തണം.

ദേശീയസുരക്ഷയാണിന്ന് രാഷ്ട്രത്തിന്റെ മുഖ്യപ്രശ്നം. സർദാർ പട്ടേലിനുശേഷം ആദ്യമായൊരു ആഭ്യന്തരമന്ത്രി ഉരുക്കുമുഷ്ടിയോടെ ആ വകുപ്പ് ഇപ്പോൾഭരിക്കുന്നു. സുരക്ഷാ ഏജൻസികളെ ഉടച്ചുവാർക്കുന്ന പ്രക്രിയ നടന്നു കൊണ്ടിരിക്കുന്നു. പുതിയ നിയമങ്ങളുടെ കരടുകൾ പ്രത്യക്ഷപ്പെട്ടുകഴിഞ്ഞു. അതൊക്കെ പ്രാബല്യത്തിൽവന്നാൽ ക്രമസമാധാന മേഖലയിലെ സംസ്ഥാനങ്ങളുടെ അധികാരങ്ങൾ പലതും കേന്ദ്രം കയ്യടക്കും. ഭരണഘടനയിൽ Law and Order സംസ്ഥാനങ്ങൾക്ക് മാത്രമായി സംരക്ഷിച്ചിട്ടുള്ളത് കടലാസിൽ മാത്രം ഒതുങ്ങും. പണ്ടൊക്കെ സംസ്ഥാനങ്ങൾ നിവൃത്തിയില്ലാതെ കൈവിടുന്ന കേസുകൾമാത്രമേ സി.ബി.ഐക്ക് കൈമാറിയിരുന്നുള്ളൂ. കോടതികളുടെ ഇടപെടലുകൾ മൂലം സംസ്ഥാന സർക്കാരുകളുടെ പൂർണസമ്മതമില്ലാതെതന്നെ സി.ബി.ഐ.യ്ക്ക് കേസുകൾ ഏറ്റെടുക്കാമെന്ന നില വന്നിരിക്കുന്നു. പുതിയതായിരൂപമെടുത്ത നാഷണൽ സെക്യൂരിറ്റി ഏജൻസിക്കാണെങ്കിൽ സംസ്ഥാനസർക്കാരുകൾ നിലവിലില്ലായെന്ന രീതിയിൽ തന്നെ ഏതുകേസും കൈയ്യിലെടുക്കാവുന്ന സ്ഥിതിവിശേഷവും ഉണ്ടായിരിക്കുന്നു.

ഇതിനെതിരെ മുഖ്യമന്ത്രി പ്രതികരിച്ചത് ഏറ്റുപിടിക്കുവാൻപോലും ആരുമില്ല. കാരണം വ്യക്തം. അദ്ദേഹത്തിന്റെ ഒട്ടുമിക്ക ജല്പനങ്ങളും തമാശകളേക്കാളും തരംതാഴ്ന്ന തരത്തിലാണല്ലോ.

ഫിഷറീസ് വകുപ്പുമന്ത്രി ശർമ്മ തീരദേശമത്സ്യ ബന്ധനകാര്യത്തിൽ സംസ്ഥാന സർക്കാരുമായി ആലോചിക്കുപോലുംചെയ്യാതെ കേന്ദ്രം നിയമനിർമ്മാണം നടത്തുന്നതിനെ കാര്യകാരണസഹിതം വിമർശിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ പരാതി ദേശീയ സുരക്ഷയുടെ മറവിൽ കേന്ദ്രം മറ്റുമേഖലകളിലുള്ള സംസ്ഥാനത്തിന്റെ അധികാരങ്ങൾ കൈയ്യടക്കുന്നുവെന്നാണ്. വളരെ ഗുരുതരമായൊരു പ്രശ്നം തന്നെയാണിത്. ദേശീയ സുരക്ഷ കേന്ദ്രഗവണ്മെന്റിന്റെ മാത്രം അജണ്ടയായത് കേരളംപോലുള്ള സംസ്ഥാനങ്ങൾ ഈ മേഖലയിൽ വൻപാളിച്ചകൾ വരുത്തിവച്ചതുമൂലമാണ്. പാക്ക ഏലിയെ പേടിച്ച് ഇല്ലംചുടണമെന്നുണ്ടോ? ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ഫെഡറൽ സ്വഭാവം ഹനിക്കപ്പെട്ടാൽ ജനാധിപത്യ സംവിധാനം തന്നെ തകരാറിലാകും. ഇക്കാര്യം നെഹ്റുവിന് ഉപദേശിക്കുകയും അധികാരവികേന്ദ്രീകരണത്തിന് ധനതത്വശാസ്ത്രമുഖം നൽകി ശക്തിയായി പോരാടുകയും ചെയ്ത ഡോക്ടർ കെ.എൻ. രാജും ഇപ്പോൾ ഓർമ്മയായി.